**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2367** **13-09-2023 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര ജില്ലാ ആശുപത്രിയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാർഡിയോളജി, നെഫ്രോളജി വിഭാഗങ്ങൾ ആരംഭിക്കുന്നത് പരിഗണിക്കാമോ; | (എ) | ആർദ്രം മാനദണ്ഡ പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ നിലവിൽ ജില്ലാതല ആശുപത്രികളിലാണ് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നത് . ആലപ്പുഴ ജനറൽ ആശുപത്രിയെയാണ് ജില്ലയിൽ നിന്നും ആർദ്രം പദ്ധതി പ്രകാരം ജില്ലാതല ആശുപത്രിയായി തിരഞ്ഞെടുത്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ബി) | ടി ആശുപത്രിയിലെ ബ്ലഡ് ബാങ്ക് വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആലപ്പുഴ ജനറൽ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റിനെ ബ്ലഡ് ബാങ്കിലേയ്ക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ ആഴ്ചയിൽ 2 ദിവസത്തേയ്ക്ക് നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ